# കുമരകം അവധിക്കൊയ്ത്ത്
# കാർഷിക വിനോദ വിജ്ഞാന മേള

## 2018 ഏപ്രിൽ 10 മുതൽ മെയ് 27 വരെ

**കുമരകം ഗ്രാമപഞ്ചായത്ത് | കൃഷി വിജ്ഞാനകേന്ദ്രം | കുമരകം കാർഷിക ഗവേഷണകേന്ദ്രം**

ഉദ്ഘാടനം: **ബഹു. അഡ്വ. വി. എസ്. സുനിൽകുമാർ**
(കാർഷിക വികസന, കർഷക ക്ഷേമ വകുപ്പ് മന്ത്രി)

അദ്ധ്യക്ഷൻ: **അഡ്വ. കെ. സുരേഷ്കുറുപ്പ് എം. എൽ. എ.**

**2018 ഏപ്രിൽ 10, ഉച്ച കഴിഞ്ഞ് 2 ന്** | **സ്ഥലം: കുമരകം കൃഷി വിജ്ഞാനകേന്ദ്രം**

സുഹൃത്തുക്കളെ,

വിശ്വപ്രസിദ്ധ വിനോദ സഞ്ചാരകേന്ദ്രമായ കുമരകത്ത് സാധാരണ ജനങ്ങൾക്ക് സന്ദർശന സൗകര്യങ്ങൾ പരിമിതമാണ്. ഉത്തരവാദിത്ത ടൂറിസത്തിന്റെ മികച്ച മാതൃകയായി ഉയർന്നിട്ടുണ്ടെങ്കിലും നാട്ടിലെ ജനങ്ങൾക്ക് വരുമാനം ലഭ്യമാകുന്നവിധം ടൂറിസം ജനകീയമാകേണ്ടതാണ്. ഈ കാഴ്ചപ്പാടോടുകൂടി, മീനച്ചിലാർ - മീനന്തറയാർ – കൊടൂരാർ പുനർസംയോജന പദ്ധതിയുടെ ജനകീയ കൂട്ടായ്മയും, കുമരകം ഗ്രാമപഞ്ചായത്തും മുൻകൈ എടുത്ത് കുമരകം ജനകീയ ടൂറിസം പദ്ധതി ആരംഭിക്കുകയാണ്. ഗ്രീൻകുമരകം, ക്ലീൻ കുമരകം പദ്ധതിയുടെ ഭാഗമായി വിപുലമായ പരിപാടികൾ ആരംഭിക്കുകയാണ്. ഉൾനാടൻ ജലഗതാഗതം വികസിപ്പിക്കുന്നതിനായി, എല്ലാ തോടുകളും തെളിക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിരിക്കുകയാണ്.

വേനലവധിക്കാലത്ത് കുട്ടികളോടൊപ്പം മുതിർന്നവർക്കും കൂടി കുമരകത്ത് ഒരു പകൽ ചിലവഴിക്കാനാകുന്നവിധം കൃഷി വിജ്ഞാനകേന്ദ്രവും കുമരകം കാർഷിക ഗവേഷണകേന്ദ്രവും ചേർന്നാണ് കാർഷിക - വിനോദവിജ്ഞാന മേള ഏപ്രിൽ 10 മുതൽ മെയ് 27 വരെ സംഘടിപ്പിക്കുന്നത്. കൃഷിയറിവുകൾ പങ്കിടുന്നതിനും, കാർഷിക പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്നതിനും, വേമ്പനാട് കായലിന്റെ തീരത്ത് പ്രകൃതിഭംഗി ആസ്വദിക്കുന്നതിനും ഇതോടൊപ്പം അവസരമൊരുങ്ങും. കയർ ഭൂവസ്ത്രമുപയോഗിച്ച് തൊഴിലുറപ്പ് തൊഴിലാളികൾ ഒരുക്കിയെടുത്ത ജലാശയ മാതൃകകൾ കൂടി സന്ദർശിക്കാനാകും. അക്വേറിയം, കൃഷി അനുബന്ധ മേഖലകളിലെ പ്രദർശന യൂണിറ്റുകൾ, കാർഷിക യന്ത്രങ്ങൾ, നാടൻ മത്സ്യങ്ങളുടെ ശേഖരം ഉൾപ്പെടെയുള്ള ആകർഷണങ്ങൾക്കൊപ്പം, കുട്ടികൾക്കുള്ള വിനോദഇടങ്ങളും, കുടുംബശ്രീ ഒരുക്കുന്ന നാടൻ ഭക്ഷണമേളയും മേളയെ ശ്രദ്ധേയമാക്കും.

പരിപാടികളുടെ വിജയത്തിനായി ഏവരുടെയും സഹായസഹകരണങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

**സംഘാടകർ**

**എ. പി. സലിമോൻ** (പ്രസിഡന്റ്, കുമരകം ഗ്രാമപഞ്ചായത്ത്)

**ഡോ. ജി. ജയലക്ഷ്മി** (കൃഷി വിജ്ഞാനകേന്ദ്രം)

**ഡോ. ഗീത കെ.** (കുമരകം കാർഷിക ഗവേഷണ കേന്ദ്രം)

**അഡ്വ. കെ. അനിൽകുമാർ** (കോ - ഓർഡിനേറ്റർ, മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ പുനർസംയോജനപദ്ധതി)

**കെ. രൂപേഷ് കുമാർ** (ഉത്തരവാദിത്ത ടൂറിസം മിഷൻ)

**ബെന്നി ജെ.** (പ്രൊജക്റ്റ് ഡയറക്ടർ, ദേശീയ തൊഴിലുറപ്പ് പദ്ധതി, പോവർട്ടി അലീവിയേഷൻ ഡിപ്പാർട്ട്മെന്റ്, കോട്ടയം)

**ബിന്ദു കുമാരി** (ഡിറ്റിപിസി)

**സുരേഷ് പി. എൻ.** (ഡിസ്ട്രിക്റ്റ് മിഷൻ കോ - ഓർഡിനേറ്റർ, കുടുംബശ്രീ കോട്ടയം)